SUNDAY 12-06-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

### Agriculture Development and Farmer's Welfare Department

### Government of Kerala


Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ പദ്ധതി ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു സഹായകരമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കും. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാകുന്നതാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, എൻ ബി എഫ് സി-കൾ, എൻ.സി.ഡി.സി, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാകും. കേന്ദ്ര സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ

വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

## പരിശീലന പരിപാടികൾ

4. റബ്ബർകൃഷിയിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നൽകുന്നു. നൂതന നടീൽ വസ്തുക്കൾ, നടീൽ രീതികൾ, നടീൽ വസ്തുക്കളുടെ നിർമാണം, തോട്ടംപരിപാലനം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ത്രിദിന പരിശീലനം ജൂൺ 13 മുതൽ 15 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സെൽ) വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി സഹകരിച്ച് **'R' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ അനാലിസിസ്** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 21 മുതൽ 25 വരെ (ജൂൺ 21 മുതൽ 25 വരെ) തുടർച്ചയായി 5 ദിവസത്തേക്ക് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പ്രോഗ്രാം ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഡാറ്റ അനലിറ്റിക്സ് പഠിക്കാൻ താൽപ്പര്യമുള്ള രാജ്യത്തെ എല്ലാ സർവ്വകലാശാലകളിലെയും ഫാക്കൽറ്റികൾ, വിദ്യാർത്ഥികൾ, ഡാറ്റാ അനലിസ്റ്റ്, ഗവേഷകർ എന്നിവർക്ക് രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർ https://forms.gle/ubE1jd8bHCa9z9GQA എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂൺ 15 ആണ്.

6. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 13 മുതൽ 23 വരെ (13.06.2022 മുതൽ 23.06.2022 വരെ) **പാലുത്പന്ന നിർമ്മാണത്തിൽ** പരിശീലനം നടത്തുന്നു. പ്രവേശന ഫീസ് 135 രൂപ. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപ്പര്യമുള്ളവർ നാളെ (08.06.2022) വൈകുന്നേരം 5 മണിക്ക് മുമ്പായി ddþdtcþkkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ **0495-2414579** എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പൽ അറിയിച്ചു

7. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം **15,16 തീയതികളിൽ ഇറച്ചിക്കോഴിവളർത്തൽ, 22 ന് കാട വളർത്തൽ** എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം നടത്തപ്പെടുന്നു. താൽപര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്സ്ആപ്പ് നമ്പറിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**8. കാർഷിക നിർദ്ദേശങ്ങൾ**

ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

നെല്ലിന്റെ വിരിപ്പു കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവയെ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം.

ജൈവവള ലഭ്യത ഉറപ്പാക്കാനായി അടുക്കളയിലെ ജൈവ അവശിഷ്ടങ്ങളിൽ നിന്നും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാം. ഇതിനായി 45x45x45 സെ.മീ അളവിൽ വീഞ്ഞപ്പെട്ടി മതിയാകും. പെട്ടിയുടെ അടിയിൽ ചെറിയ സുഷിരങ്ങളുള്ള സ്റ്റിക്ക് ഷീറ്റ് വിരിക്കണം. അതിനു ശേഷം 10 സെ.മീ കനത്തിൽ മണലും, അതിന് മുകളിൽ 10 സെ.മീ കനത്തിൽ ചകിരിയും നിരത്തി നല്ലപോലെ നനയ്ക്കുക. ഇതിൽ 100 മുതൽ 250 മണ്ണിരകളെ വരെ ഇടാം. അടുക്കളയിൽ നിന്നും പച്ചക്കറികളുടേയും മറ്റ് അവശിഷ്ടങ്ങൾ ഒരു പാത്രത്തിൽ ശേഖരിച്ച് ചെറുതായി ഉണക്കിയശേഷം ഇതിൽ നിരത്താം. ഉണങ്ങിയ ഇലകൾ ഇടുന്നതും

നല്ലതാണ്. എണ്ണമയം, എരിവ്, പുളി തുടങ്ങിയവ കൂടുതലുള്ള വസ്തുക്കളോ പ്ലാസ്റ്റിക്കോ ഇടരുത്. ഉറുമ്പ്, എലി എന്നിവയിൽ നിന്നും മണ്ണിരകളെ സംരക്ഷിക്കുകയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം